I ഇ.ബി. XII-കേരള നിയമസഭ /IV-8

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 13, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

(1) പ്രകൃതിക്ഷോഭത്തിനിരയായവരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കെ.ബി. ഗണേഷ് കുമാർ: സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ മന്ത്രിമാരടക്കമുള്ളവർ സ്ഥലം സന്ദർശിച്ച് പല ആനുകൂല്യങ്ങളും വാഗ്ദാനങ്ങളും പ്രഖ്യാപിക്കാറുണ്ടെങ്കിലും അവ ഒന്നും തന്നെ പ്രാവർത്തികമാകാത്ത അവസ്ഥയാണ് പലപ്പോഴും കാണുന്നത്. പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് 500 മുതൽ 2000 രൂപ വരെയുള്ള ധനസഹായമാണ് ഇപ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് നൽകിവരുന്നത്. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്ന തുക യഥാസമയം വിതരണം ചെയ്യാറില്ല. വരൾച്ചയ്ക്കുള്ള പ്രഖ്യാപനങ്ങൾ തീരുമ്പോൾ വെള്ളപ്പൊക്കമായി; പിന്നെ അതിനോടനുബന്ധിച്ചുള്ള പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമായി. പൊതുജനം

എല്ലാക്കാലവും ദുരിതമനുഭവിക്കുകയാണ്. പ്രകൃതിക്ഷോഭത്തിൽപ്പെട്ട റോഡുകളുടേയും പാലങ്ങളുടേയും പണികൾക്ക് സർക്കാരിന്റേയും ജില്ലാ കളക്ടറുടേയും എ.എസ്സ് കിട്ടിക്കഴിഞ്ഞ് ബ്ളോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടപ്പിലാക്കാൻ കാലതാമസം ഉണ്ടാകുന്നു. പ്രകൃതിക്ഷോഭ ത്തിൽ തകരുന്ന റോഡുകളുടേയും പാലങ്ങളുടേയും പണികൾ പി.ഡബ്ല്യു.ഡി.യെപ്പോലെയുള്ള ഒരു ഏജൻസിയെ ഏൽപ്പിച്ച് ടെണ്ടർ ചെയ്ത് പൂർത്തിയാക്കണം. ഇപ്പോൾ കരാറുകാർ പണി ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതിന്റെ മുഖ്യ കാരണം, വർക്ക് പൂർത്തിയായി ആറുമാസം കഴിഞ്ഞാൽപ്പോലും ബിൽ പേമെന്റ് നടക്കുന്നില്ല എന്നുള്ളതാണ്. എ.എസ് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുമ്പോൾ കോസ്റ്റ് റിവിഷൻ വരും. പ്രകൃതിക്ഷോഭത്തിൽ തകരുന്ന റോഡുകളുടെ പണികൾ സുതാര്യമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. സെൻട്രൽ റിലീഫ് ഫണ്ട് നൽകുന്നതിലെ നോംസിൽ മാറ്റം വരുത്തുന്ന തുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രകൃതിക്ഷോഭങ്ങ ളിൽപ്പെട്ട് തകരുന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് നിലവിലുള്ള സി.ആർ.എഫ്. നോംസ് അനുസരിച്ച് ഗുണഭോക്തൃ കമ്മിറ്റി മുഖേന 5 ലക്ഷം രൂപ വരെ അനുവദിക്കാനേ സാധിക്കുകയുള്ളൂ. ഇതിൽ മാറ്റങ്ങൾ വരുത്തേ ണ്ടതാവശ്യമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ, എം.എൽ.എ. മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തുന്നതാണ്. കേരളം ഭൂചലന സാദ്ധ്യതയുള്ള സോണിൽ വരുന്നി

ല്ലെന്നാണ് കേന്ദ്രമന്ത്രി പാർലമെന്റിൽ പറഞ്ഞത്. മുല്ലപ്പെരിയാറിന്റെ പ്രശ്നമൊക്കെ കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിന് ഇതിൽ ഇടപെടേണ്ടി വരും. കേന്ദ്ര സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിനനുസൃതമായി മുഖ്യമന്ത്രി ചെയർമാനായി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് സമിതി രൂപീകരിച്ച വിവരം അറിയിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ ഫണ്ട് കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള ശ്രമം സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്. വർക്ക് തീർന്നുകഴിഞ്ഞാൽ എത്രയും വേഗം പണം കൊടുക്കണമെന്ന കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണുള്ളത്; അതിന് ശ്രമിക്കുന്നതാണ്.

(2) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എ.എ. അസീസ്: കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും വളരെയധികം സാമ്പത്തിക പ്രതിസന്ധയിലാണ്. ബാങ്കുകൾ ഈ സ്ഥാപനങ്ങൾക്ക് വായ്പ നിഷേധിക്കുന്നതിനാൽ ഇവയുടെ പ്രവർത്തനം അക്ഷരാർത്ഥത്തിൽ സ്തംഭനത്തിലാണ്. കശുവണ്ടി വ്യവസായ സംരക്ഷണത്തിനായി എൽ.ഡി.എഫ്. സർക്കാർ 1969-ലാണ് കശുവണ്ടി വികസന കോർപ്പറേഷൻ രൂപീകരിച്ചത്. പല കാലഘട്ടങ്ങളിലും പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ കാലാകാലങ്ങളിലുള്ള . സർക്കാരുകൾ വളരെയേറെ പരിശ്രമിച്ചിരുന്നു. കോർപ്പറേഷന്റെ കീഴിൽ മുപ്പതും കാപ്പെക്സിന്റെ കീഴിൽ പത്തും ഫാക്ടറികളാണുള്ളത്. 41 കോടിയോളം രൂപ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് കൊടുക്കാനുണ്ട്. ഈ സ്ഥാപനങ്ങളേയും അതിൽ പണിയെടുക്കുന്ന

തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കമ്മിറ്റഡ് പെൻഷനടക്കം കശുവണ്ടി വ്യവസായ ത്തിന് 41 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ 8 കോടി രൂപയും കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കുടിശ്ശികയി നത്തിൽ ബാങ്കുകൾക്കായി 30 കോടി രൂപയുമാണ് ബഡ്ജറ്റിൽ വകകൊള്ളി ച്ചിരിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽനിന്നും വർക്കിംഗ് ക്യാപ്പിറ്റൽ കിട്ടുന്നു എന്ന് ഉറപ്പു വരുത്തുന്ന കാര്യത്തിൽ സർക്കാരിന് ഉത്തര വാദിത്വം ഉണ്ടായിരിക്കുന്നതാണ്. നഷ്ടത്തിലായ കാപ്പെക്സിന്റേയും കശുവണ്ടി വികസന കോർപ്പറേഷന്റേയും പ്രവർത്തനം വയബിൾ ആക്കാനുള്ള പ്രൊപ്പോസലാണ് ആവശ്യം. കശുവണ്ടി മേഖലയിൽ നിന്ന് കശുവണ്ടിപ്പരിപ്പ് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന വ്യാപാരമാണെങ്കിൽ 4 ശതമാനം നികുതി നിരക്കിൽ ‘സി’ ഫോമിലും സ്വന്തം കടയിലേയ്ക്കോ ബ്രാഞ്ചിലേയ്ക്കോ ഏജന്റിനോ മറിച്ചു വിൽക്കുകയാണെങ്കിൽ നികുതിയില്ലാതെ ‘എഫ്’ ഫോമിലും വിൽക്കാം. ഇത് രണ്ടുമല്ലെങ്കിൽ പന്ത്രണ്ടര ശതമാനം നികുതി കൊടുക്കണം. കഴിഞ്ഞ മൂന്ന് വർഷമായി വ്യാജ ‘എഫ്’ ഫോമിലൂടെയാണ് കച്ചവടം നടത്തുന്നത്. നികുതി അടയ്ക്കാതെ വന്നാൽ പന്ത്രണ്ടര ശതമാനം നികുതിയും പെനാലിറ്റിയും പലിശയും നൽകണം. സെൻട്രൽ സെയിൽസ് ടാക്സ്

ആയതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ സംസ്ഥാന സർക്കാരിന് ഇത് വേവ് ചെയ്യാൻ സാധ്യമല്ല.

25-9-06-ലെ നക്ഷത്രചിഹ്നമിടാത്ത 762-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 25-9-06-നു നൽകിയ നക്ഷത്രചിഹ്നമിടാത്ത 762-ാം നമ്പർ ചോദ്യത്തിന്റെ "ഡി" പിരിവിനു നൽകിയ ഉത്തരത്തിന്റെ അനുബന്ധം III-ൽ കടന്നുകൂടിയ തെറ്റ് തിരുത്തിയ ഉത്തരം ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

## സബ്മിഷൻ

(1) നിലമ്പൂരിൽ എസ്.എസ്.എ. ചോദ്യപേപ്പർ ചോർന്നതു സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച് ഓരോ ദിവസവും പത്രത്തിൽ വാർത്ത വരികയാണ്. 80 ശതമാനം കുട്ടികളും പാസ്സാകുന്ന പരീക്ഷയാണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ പറയുമ്പോൾ ഗൗരവമില്ലാത്ത പരീക്ഷയാണെന്നും അതുകൊണ്ട് ആർക്കും ചോദ്യപേപ്പർ ചോർത്താം എന്ന അവസ്ഥയുമാണ് വന്നുചേരുന്നത്. സ്കൂൾ എക്സാമിനേഷന്റെ ക്രെഡിബിലിറ്റിയെത്തന്നെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. നിലമ്പൂരിൽ ആറാം ക്ലാസ്സിലെ ഗണിതശാസ്ത്രത്തിന്റെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് അവിടത്തെ ഹെഡ്മാസ്റ്റർ പറഞ്ഞിരിക്കുന്നത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് പരീക്ഷ മാറ്റിയെന്നാണ്. ഇതുമായി ബന്ധപ്പെട്ട് ഗ്രേഡ്-4 ജീവനക്കാരനെ

മാത്രമാണ് സസ്പെന്റ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെ പേരിലും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പരീക്ഷാനടത്തിപ്പ് കുറ്റമറ്റ രീതിയിലാക്കേണ്ടത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലമ്പൂർ എം.ബി.എം. ഹയർ സെക്കന്ററി സ്ക്കൂളിൽ മാർച്ച് 26, 27 തീയതികളിൽ നടക്കേണ്ടിയിരുന്ന പരീക്ഷകൾ മാർച്ച് 6, 7 തീയതികളിലേയ്ക്ക് മാറ്റിവച്ച സ്കൂൾ ഹെഡ്മാസ്റ്റർ, ബ്ലോക്ക് പ്രോഗ്രാം ആഫീസർ, ബ്ളോക്ക് റിസോഴ്സ് സെന്റർ പരിശീലകൻ എന്നിവരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കുറ്റക്കാരായവരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ആസന്നമായ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ചോദ്യപേപ്പർ സുരക്ഷിത മായി പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) തൃശൂർ ജില്ലാ ആശുപത്രിയുടെ വികസനം

പ്രൊഫ. സി. രവീന്ദ്രനാഥ്: തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തു കാവിലേയ്ക്ക് മാറ്റിയതിന്റെ ഫലമായി പ്രവർത്തനരഹിതമായി കിടക്കുന്ന തൃശൂർ ജില്ലാ ആശുപത്രിയെ നിലനിർത്താനും വികസിപ്പിക്കാനുമാവശ്യമായ ഫണ്ട് അനുവദിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റിയശേഷം മുൻപ് മെഡിക്കൽ കോളേജായി ഉപയോഗിച്ചിരുന്ന കെട്ടിടം 240 കിടക്കകളുള്ള

തൃശൂർ ജില്ലാ ആശുപത്രിയായി പ്രവർത്തിപ്പിച്ചുവരികയാണ്. സ്റ്റാഫിന്റേയും മറ്റ് അനുബന്ധ സാമഗ്രികളുടേയും അഭാവത്തിൽ പ്രസ്തുത ആശുപത്രി പൂർണ്ണമായും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. പ്രസ്തുത ആശുപത്രി പൂർണ്ണമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(3) കൊക്കാത്തോട് വൈദ്യുതീകരണ പദ്ധതിയുടെ വിപുലീകരണം

ശ്രീ. അടൂർ പ്രകാശ്: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.എം.ജി.വൈ. പദ്ധതി പ്രകാരം 95 ലക്ഷം രൂപയോളം ചെലവഴിച്ച് വൈദ്യുതീകരണം നടത്തിയ കൊക്കാത്തോട് പ്രദേശത്ത് ഇനിയും ആയിരത്തോളം കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കേണ്ടതായിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ അടക്കമുള്ള ആ പ്രദേശത്ത് വൈദ്യുതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊക്കാത്തോട് പ്രദേശത്ത് വൈദ്യുതി നൽകിയതിന്റെ തുടർച്ചയായി കാഞ്ഞിരപ്പാറ ഹരിജൻ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പണികൾ നടന്നുവരുന്നു. ഇതിനു വേണ്ടി പി.എം.ജി.വൈ. പദ്ധതിയിൽപ്പെടുത്തി 32.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു വർഷം കൊണ്ട് പൂർണ്ണമായി വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്നതാണ്.

(4) തലശ്ശേരി-വളവുപാറ റോഡ് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം

ശ്രീ. പി. ജയരാജൻ: കഴിഞ്ഞ പത്ത് വർഷങ്ങളായി റീസർഫസിംഗ് നടത്താത്തതുമൂലം തലശ്ശേരി വളവുപാറ റോഡും അതുമായി ബന്ധപ്പെട്ട

പാലങ്ങളും തകരാറിലാണ്. ഇപ്പോൾ റീസർഫസിംഗിനുള്ള അനുമതിക്കായി ഒരു പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി.യിലേയ്ക്ക് അയച്ചിട്ടുണ്ട്. കേരള-കർണ്ണാടക സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ റീസർഫസിംഗ് നടത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

(ശ്രീമതി കെ.കെ. ശൈലജ ടീച്ചറും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): ടൂറിസ്റ്റ് കേന്ദ്രങ്ങളുമായും തീർത്ഥാടന കേന്ദ്രങ്ങളുമായും ബന്ധിപ്പിക്കുന്ന ഈ റോഡ് വർഷങ്ങളായി റീടാറിംഗ് നടത്താത്തതുമൂലം തകരാറിലായിരുന്നു. ഇപ്പോൾ 294.2 ലക്ഷം രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണികളും പാച്ച് വർക്കുകളും നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. റീടാറിംഗിന് 550 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കെ.എസ്.ടി.പി.യിൽപ്പെടുത്തി ലോകബാങ്ക് സഹായം കിട്ടുന്ന മുറയ്ക്ക് റീടാറിംഗ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(5) പട്ടാമ്പി-വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഫയലുകൾ കത്തിനശിച്ചത് സംബന്ധിച്ച്

ശ്രീ. സി.പി. മുഹമ്മദ്: വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിൽ 10-3-07--ന് തീപിടുത്തമുണ്ടായി. ഇരുമ്പ് അലമാരയുടെ ഉള്ളിലിരുന്ന പഞ്ചായത്ത് രേഖകൾ മാത്രം കത്തി നശിച്ചതിൽ ദുരൂഹതയുണ്ട്. വിവരാവകാശ നിയമമനുസരിച്ച് നൽകിയ നോട്ടീസിന് മതിയായ മറുപടി നൽകാൻ പഞ്ചായത്ത് അധികൃതർക്ക് കഴിയാത്തതിനാൽ അവിടെ സെക്രട്ടറിമാർ ചാർജ്ജ് എടുക്കാൻ തയ്യാറാകുന്നില്ല. ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വല്ലപ്പുഴ പഞ്ചായത്ത് ഓഫീസിൽ അലമാരയിൽ സൂക്ഷിച്ചിരുന്ന ഓഫീസ് രേഖകൾ ആരോ തീവച്ച് നശിപ്പിച്ചതു സംബന്ധിച്ച് പട്ടാമ്പി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ അലമാരയുടെ ചില്ലുകൾ പൊട്ടിച്ച് രേഖകൾ കത്തിച്ചതായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ അന്വേഷണത്തിന് ഫിംഗർ പ്രിന്റ് എക്സ്പെർട്ട്സ്, ഡോഗ് സ്ക്വാഡ് എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കത്തിക്കരിഞ്ഞ രേഖകളുടെ ഭാഗങ്ങൾ രാസപരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. പ്രതികളെ എത്രയും വേഗം കണ്ടുപിടിക്കുന്നതിന് ഷൊർണ്ണൂർ ഡിവൈ.എസ്.പി.ക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുന്നതാണ്.

(6) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. അച്ചുതൻ: പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് ലഭ്യമാകേണ്ട 7.25 ടി.എം.സി. ജലത്തിന്റെ സ്ഥാനത്ത് 6 ടി.എം.സി. ജലം മാത്രമേ ലഭിക്കുന്നുള്ളു. കുടിശ്ശിക ഉൾപ്പെടെ അർഹതപ്പെട്ട ജലം ലഭ്യമാക്കി കൃഷിയെ സംരക്ഷിക്കാനും നിലവിലുള്ള കുളങ്ങൾ നിറയ്ക്കാനും അവിടെ ഒരു എ.ഇ.യേയും വാച്ച്മാനേയും നിയമിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ എൻ.കെ. പ്രേമചന്ദ്രൻ): കരാർ പ്രകാരം നടപ്പു ജലവർഷത്തിൽ അർഹതപ്പെട്ട ജലം ലഭിച്ചിട്ടുണ്ട്. കിട്ടാനുള്ള ജലം ആവശ്യാനുസരണം തമിഴ്നാടിന് ഇൻഡന്റ് നൽകി വാങ്ങുന്നതാണ്.

ഇതുമൂലം കൃഷിനാശം സംഭവിച്ചതായി പരാതി ലഭിച്ചിട്ടില്ല. മുൻകാല കുടിശ്ശിക വെള്ളംകൂടി ചേർത്ത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒഴിവുള്ള തസ്തികകളുടെ കാര്യം പരിശോധിച്ച് പരിഹരിക്കുന്നതാണ്.

(7) പാറശ്ശാലയിൽ വിശ്രമകേന്ദ്രം നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. ആർ. സെൽവരാജ്: ദേശീയപാത 47-നോട് ചേർന്ന് പാറശ്ശാലയിൽ കാരാളി എന്ന സ്ഥലത്ത് ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഒരു വിശ്രമകേന്ദ്രവും ഭക്ഷണശാലയും നിർമ്മിച്ച് പ്രവർത്തിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പാറശ്ശാലക്കടുത്ത് കാരാളിയിലെ ടൂറിസം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തുകൂടി നാഷണൽ ഹൈവേ 47-ന്റെ ബൈപാസ് പോകുന്നതുകൊണ്ട് അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർവ്വാഹമില്ല. വിനോദസഞ്ചാരികൾക്ക് ഉതകുന്നവിധം വഴിയോര പദ്ധതിയിൽപ്പെടുത്തി സ്വകാര്യ സംരംഭകരിലൂടെ 20 കിലോമീറ്ററിന് ഒന്ന് എന്ന ക്രമത്തിൽ വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്ന സമയത്ത് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(8) തോന്നയ്ക്കൽ ആശാൻ സ്മാരകത്തിൽ പരസ്യ ചിത്രീകരണം നടത്തിയത് സംബന്ധിച്ച്

ശ്രീ. എം.എ. വാഹീദ് തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിൽ കഴിഞ്ഞ ശനിയാഴ്ച ഭരണസമിതിയുടെ അനുവാദമില്ലാതെ പരസ്യ കമ്പനിക്കാർ എന്ന വ്യാജേന ഒരു സംഘം കയറി നീലച്ചിത്രങ്ങൾ

നിർമ്മിക്കുകയുണ്ടായി. ഇവരെ കസ്റ്റഡിയിൽ എടുത്ത് കാസറ്റുകൾ തിരിച്ചുപിടിക്കുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ടിലാണ് അധികാരികളുടെ അനുമതി കൂടാതെ ഷൂട്ടിംഗ് നടന്നത്. മംഗലപുരം പോലീസ് സ്റ്റേഷനിൽ ഡയറക്ടർ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടറും സംഘവും സ്ഥലത്ത് എത്തി ഷൂട്ടിംഗ് നിർത്തിവയ്പ്പിക്കുകയും കണ്ടാലറിയാവുന്ന 65 ഓളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയുമാണ്. ഈ പ്രശ്നം വളരെ ഗൗരവമായി കണക്കിലെടുത്ത് ഒരു പഴുതിനും ഇടനൽകാതെ വീഡിയോ കാസറ്റ് പിടിച്ചെടുക്കുന്നതുൾപ്പെടെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(9) പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണം

ശ്രീ. എം. ഹംസ: താൽക്കാലിക അനുമതി ലഭിച്ച, കെ.എസ്.ടി.പി. യുടെ നാലാമത്തെ ബാച്ചിൽപ്പെട്ട പാലക്കാട് കുളപ്പുള്ളി-റോഡിന്റെ പണി റീടെൻഡർ ചെയ്യാനും മങ്കര റോഡിലുള്ള 'ഡബിൾ എസ്' വളവിന് ബൈപാസ് പണിയാനും ഒറ്റപ്പാലം ടൗണിൽ റോഡിന്റെ വീതി 15 മീറ്ററായി നിലനിർത്താനുമുള്ള നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു.കുരുവിള): പാലക്കാട്- കുളപ്പുള്ളി റോഡ് പണി അംഗീകരിക്കപ്പെട്ട ഡിസൈൻ പ്രകാരമാണ് ചെയ്തത്. പണി പൂർത്തിയായിവരുമ്പോൾത്തന്നെ മങ്കര ഭാഗത്ത് അപകടം ഉണ്ടായതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഒറ്റപ്പാലത്ത് റോഡ് വീതി കുറഞ്ഞ സ്ഥലത്ത് വീതി കൂട്ടുന്ന കാര്യം പരിഗണിക്കുന്നതും ശേഷിക്കുന്ന പണികൾ കെ.എസ്.ടി.പി.യിൽ ഉൾപ്പെടുത്തി റീടെൻഡർ ചെയ്യുന്നതുമാണ്.

(10) കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീമതി കെ.കെ. ലതിക: കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാലുകളുടെ ചോർച്ചയും വിള്ളലും അറ്റകുറ്റപ്പണികൾചെയ്ത് പരിഹരിക്കുന്നതിനും ജലസംഭരണിയുടെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാലുകളുടെ ചോർച്ചയ്ക്ക് ശാശ്വത പരിഹാരമായി മുഴുവൻ കനാലുകൾക്കും കോൺക്രീറ്റ് ലൈനിംഗ് നടത്തുന്നതിനും പുനരുദ്ധാരണത്തിനുമുള്ള പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

(11) കാട്ടാനകളുടെ ആക്രമണംമൂലം കർഷകർ അനുഭവിക്കുന്ന ദുരിതം

ശ്രീ. കെ. കുഞ്ഞിരാമൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കർണ്ണാടക വന മേഖലയോട് ചേർന്നുകിടക്കുന്ന ഇരുപത്തി അഞ്ചോളം ഏക്കർ വരുന്ന അത്തിയടുക്ക എന്ന പ്രദേശം കാട്ടാനകൾ തകർത്ത് തരിപ്പണമാക്കിയതിന്റെ ഫലമായി കൃഷിയും മറ്റ് ജീവിത സമ്പാദ്യവും നഷ്ടപ്പെട്ട ഏഴോളം കുടുംബങ്ങൾക്ക് അടിയന്തിരമായി സാമ്പത്തിക സഹായം നൽകാനും ആനകൾ വരുന്നത് തടയാൻ ഇലക്ട്രിക് കമ്പി വേലി കെട്ടി സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ഈ സംഭവം സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ പഠിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഷ്ടം സംഭവിച്ച എല്ലാ കൃഷിക്കാർക്കും ഇന്നുള്ള മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാരം ഒട്ടും വൈകാതെ നൽകുന്നതാണ്. അവിടെ 7 കിലോമീറ്റർ ദൂരം വൈദ്യുത കമ്പിവേലി കെട്ടുന്നതിന് വനം വകുപ്പ് പണം നീക്കിവച്ചിട്ടുണ്ട്.

(12) തിരൂരങ്ങാടിയിലെ വിവിധ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എ.ആർ. നഗർ, മുന്നിയൂർ, പെരുവള്ളൂർ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന എ.ആർ. നഗർ പഞ്ചായത്തിനുവേണ്ടി 240 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തിരൂരങ്ങാടി പഞ്ചായത്തിലെ വെന്നിയൂർ ഭാഗത്തേയ്ക്കുവേണ്ടി വാക്കിക്കയത്ത് പുതിയ പമ്പ്സെറ്റ് വയ്ക്കാനും പ്രഷർ ഫിൽറ്റർ സ്ഥാപിക്കാനുമുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്. കാരപ്പറമ്പിൽ പുതിയ ടാങ്ക് നിർമ്മിക്കാനുള്ള വർക്ക് തുടങ്ങിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി പരപ്പനങ്ങാടി, വള്ളിക്കുന്ന് പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മുന്നിയൂരിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിനുവേണ്ടി 53.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പെരുവള്ളൂർ പഞ്ചായത്തിൽ

നിലവിലുള്ള ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ 10 ലക്ഷം രൂപയിൽ പഞ്ചായത്ത് വിഹിതമായ രണ്ട് ലക്ഷം രൂപയുടെ പ്രവൃത്തികൾ ഡി.ആർ. ഡബ്ലിയു.-ൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്നു. 5 ലക്ഷം രൂപയുടെ ചാർജിംഗ് വർക്കും ഭൂതല സംഭരണിയുടെ വർക്കും ടെൻഡർ ചെയ്തിട്ടുണ്ട്. 4 ലക്ഷം രൂപയുടെ പൈപ്പ്ലൈൻ വിപുലീകരണ പ്രവൃത്തികളുടെ പ്രൊപ്പോസൽ ജില്ലാകളക്ടറുടെ അനുമതി കിട്ടുന്ന മുറയ്ക്ക് നടപ്പാക്കാൻ കഴിയുന്നതാണ്. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ 37 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചു. 1737 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

## റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ ഇരുപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ നാല് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരള ത്തിന്റെ നിലവിലുള്ള പരിതാപകരമായ ധനസ്ഥിതി സംബന്ധിച്ച് വസ്തു നിഷ്ഠമായി പഠിച്ച് അതിന് പരിഹാരം കാണാൻ പര്യാപ്തമായ നിരീക്ഷണ

ങ്ങളടങ്ങിയതാണ് ഈ ബഡ്ജറ്റ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന തുകകൂടി ഫലപ്രദമായി വിനിയോഗിക്കുന്നതിന് സാധിക്കുന്ന നിർദ്ദേശങ്ങളടങ്ങിയ ഈ ബഡ്ജറ്റ് കേരളത്തിന്റെ കാർഷികമേഖലയിൽ പുരോഗമനപരമായ മുന്നേറ്റമുണ്ടാക്കും. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് ധനപ്രതിസന്ധി വർദ്ധിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കുകയും ക്ഷേമ ആനുകൂല്യങ്ങളുടേയും പദ്ധതികളുടേയും വിഹിതം വെട്ടിച്ചുരുക്കുകയുമാണ് ചെയ്തത്. അത്തരം നിലപാടുകളല്ല ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും നയങ്ങളെ കുറുക്കുവഴികളിലൂടെ നടപ്പാക്കാനാണ് യു.ഡി.എഫ്. ശ്രമിച്ചത്. ആ ഭരണത്തിൽ അഴിമതിയും രാഷ്ട്രീയ വൃത്തികേടുകളും കൊടികുത്തി വാണിരുന്നു. ഭരണയന്ത്രം നിശ്ചലമാവുകയും മാഫിയ പ്രവർത്തനത്തിന്റെ പേരിൽ പല മന്ത്രിമാർക്കും രാജി വയ്ക്കേണ്ടിവരികയും ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. ഒരു സുതാര്യതയുമില്ലാത്ത വകുപ്പായി പി.ഡബ്ല്യു.ഡി.യെ മാറ്റുകയായിരുന്നു. കരാറുകാർക്ക് കോടിക്കണക്കിനു രൂപ കുടിശ്ശികയുണ്ടായിരുന്നതിൽ ഏറെക്കുറെ ഈ ഗവണ്മെന്റിന് കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് കോസ്റ്റിന്റെ 20 ശതമാനമെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടെങ്കിലേ ഒരു വർക്ക് ടെന്റർ ചെയ്യാൻ പാടുള്ളൂ എന്ന വ്യവസ്ഥയ്ക്കുവിരുദ്ധമായി പ്രൊവിഷനില്ലാതെ 102 വർക്കുകൾക്ക് 170 കോടി രൂപയുടെ വർക്ക് ഓർഡറുകളാണ് യു.ഡി.എഫ്. ഗവണ്മെന്റ് കൊടുത്തിട്ടുള്ളത്. അഴിമതി വിമുക്തമായ ഒരു രാഷ്ട്രീയ നേതൃത്വമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി

ഗവണ്മെന്റിനുള്ളത്. കേരളത്തിലെ ജനങ്ങളുടെ താൽപര്യത്തിനനുസരിച്ചുള്ള ഭരണമാണ് നടത്തുന്നത്.

ശ്രീ.അടൂർ പ്രകാശ്: ബഡ്ജറ്റിനെ എതിർക്കുന്നു. കേന്ദ്ര ഗവണ്മെന്റിനെ നഖശിഖാന്തം എതിർത്തുകൊണ്ടും കുറ്റം പറഞ്ഞുകൊണ്ടുമാണ് ബഡ്ജറ്റ് എന്ന പ്രബന്ധം സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. കുറ്റം പറയുക എന്നത് എൽ.ഡി.എഫിന്റെ സ്ഥിരം ശൈലിയാണ്. ജനങ്ങളെ വഞ്ചിക്കുന്ന ഒരു ഭരണമാണ് കേരളത്തിൽ നടക്കുന്നത്. കാർഷികമേഖലയിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നല്ലാതെ ജനോപകാരപ്രദമായ പദ്ധതികളൊന്നും തന്നെ ഇല്ല. യു.ഡി.എഫ്. ഗവണ്മെന്റാണ് നെൽ കർഷകരെ സഹായിക്കാൻ നെല്ല് സംഭരണം ആരംഭിച്ചതും കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതും. ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ല് 8.50 രൂപ നിരക്കിൽ സംഭരിക്കുമ്പോൾ 7.05 രൂപ കേന്ദ്രത്തിൽ നിന്ന് ലഭിക്കും. 1.45 രൂപ മാത്രമാണ് സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നത്. കൊയ്ത്ത് യന്ത്രങ്ങൾ പാടത്തിലിറക്കുന്നതിന് കപ്പം കൊടുക്കേണ്ട സ്ഥിതിയെക്കുറിച്ച് ഗവണ്മെന്റ് അന്വേഷിക്കണം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് നെല്ല് സംഭരിച്ച് കുത്തരിയാക്കി സിവിൽ സപ്ളൈസ് കോർപ്പഷൻ വഴി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് വിതരണം ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തിരുന്നുവെങ്കിൽ ഇപ്പോൾ എ.പി.എൽ-കാർക്ക് വിതരണം ചെയ്യാനുള്ള നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. 1997-ൽ ടാർജറ്റഡ് പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷത്തിലധികം പേരെ ബി.പി.എൽ. ലിസ്റ്റിൽ കണ്ടെത്തിയെങ്കിലും ആ ലിസ്റ്റിൽ ദാരിദ്ര്യരേഖയ്ക്കു

മുകളിലുള്ളവർ കടന്നുകൂടിയതായി പരാതിയുണ്ടായ സാഹചര്യത്തിൽ പുന:പരിശോധന നടത്താൻ നടപടി സ്വീകരിക്കണം. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി നോൺ പ്ളാനിൽ തുക വകയിരുത്തിയെങ്കിലും ചില നിബന്ധനകൾ ധനകാര്യ വകുപ്പ് വച്ചിരിക്കുകയാണ്. നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ അധികമായി ഒരു നയാപൈസപോലും അനുവദിച്ചിട്ടില്ല. സിവിൽ സപ്ളൈസ് കോർപ്പറേഷനെ 30 കോടി രൂപയുടെ വർക്കിംഗ് പ്രോഫിറ്റിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി മൂന്ന് രൂപ നിരക്കിൽ 25 കിലോഗ്രാം ഭക്ഷ്യധാന്യം കൊടുക്കാൻ തീരുമാനിച്ചുവെങ്കിലും അതിനുള്ള തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. യു.ഡി.എഫ്. ഗവണ്മെന്റ് നടപ്പാക്കിയ സാമൂഹ്യക്ഷേമ പദ്ധതികളെ തകർക്കുന്ന സമീപനമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. രാജു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രഗവണ്മെന്റ് പിൻതുടർന്ന തെറ്റായ സാമ്പത്തിക നയങ്ങളുടെയും ആഗോളവൽക്കരണ നയത്തിന്റേയും ഫലമായി തകർന്ന് തരിപ്പണമായിരിക്കുന്ന ഘട്ടത്തിലാണ് കാർഷിക-പരമ്പരാഗത വ്യവസായമേഖലകളിൽ ഉണർവ്വുണ്ടാക്കുന്ന ഒരു ബഡ്ജറ്റ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഈ അവസരത്തിൽ .പുതിയൊരു വികസനതന്ത്രം നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ഈ ഗവണ്മെന്റ്. ബഡ്ജറ്റ് പ്രൊവിഷനില്ലാത്ത മരാമത്ത് പണികൾക്ക് ടെണ്ടർപോലും വിളിക്കാതെ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കരാർ കൊടുത്തത് വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക്

കേരളത്തെ കൊണ്ടെത്തിച്ചു. വികസനപ്രവർത്തനങ്ങൾക്കുള്ള പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാതെ, അഴിമതി തടഞ്ഞുകൊണ്ട് ആവശ്യമായിട്ടുള്ള പണം കണ്ടെത്താനാണ് ഗവണ്മെന്റ് ശ്രമിക്കേണ്ടത്. 2011 ആകുമ്പോൾ റവന്യൂ കമ്മി കുറയ്ക്കുക എന്നതാണ് ഈ ഗവണ്മെന്റിന്റെ ലക്ഷ്യം. കാർഷിക-വ്യാവസായിക-സേവന മേഖലകൾക്ക് പ്രാധാന്യം കൊടുക്കുന്ന ബഡ്ജറ്റാണിത്. കാർഷിക മേഖലയിൽ കേന്ദ്ര പാക്കേജുൾപ്പെടെ ആയിരം കോടിയിൽപ്പരം രൂപ വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാൽ, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പശുഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. വന മേഖലയിൽ അധിവസിക്കുന്നവർക്ക് വന്യജീവികളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടുന്നതിന് സോളാർ ഫെൻസിംഗ് നടപ്പിലാക്കുന്നതിന് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണം. കോഴിക്കോട് നിർദ്ദിഷ്ട ഹജ്ജ് ഹൗസിന്റെ നിർമ്മാണം ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തണം. ചെറുകിട വ്യവസായസ്ഥാപനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ വാറ്റ് നിയമം നിലവിൽ വരുന്നതിനുമുമ്പ് നൽകിയിരുന്ന നികുതി ഇളവുകൾ പുനഃസ്ഥാപിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ സബ് കോടതികൾ അനുവദിക്കണം. 2002 മാർച്ച് മാസത്തിനും 2004 ജൂൺ മാസത്തിനും ഇടയിൽ വിരമിച്ച ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. കാർഷിക-വ്യാവസായിക-പരമ്പരാഗത മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പുതുമകളില്ലാത്ത ഈ ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ മാത്രമാണ് കാണാൻ കഴിയുന്നത്. കാർഷിക-വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്ക് ഊന്നൽ നൽകിയ കേന്ദ്ര ബഡ്ജറ്റിന്റെ ഗുണഫലങ്ങൾ സംസ്ഥാന സർക്കാരിനും ലഭ്യമാകും. കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുന്ന സംസ്ഥാന ബഡ്ജറ്റിൽ കാർഷിക- ടൂറിസം-ആരോഗ്യ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് കേന്ദ്രവിഹിതമാണ് നീക്കിവച്ചിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തണം. ചെറുകിട കുടിവെള്ള പദ്ധതിക്ക് വകയിരുത്തിയ തുക കുറവാണെങ്കിലും ചീക്കോട് കുടിവെള്ള പദ്ധതിക്ക് ഒരു കോടി രൂപ അനുവദിച്ചത് അഭിനന്ദനാർഹമാണ്. ശുദ്ധീകരണശാല നിർമ്മിക്കാനാവശ്യമായ തുക റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നെടുക്കാനുള്ള അനുമതി നൽകണം. രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകണം. ഹജ്ജ് ഹൗസിന്റെ നിർമ്മാണത്തിന് കേന്ദ്ര വിഹിതത്തിനു തുല്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടി ഉണ്ടാകണം. കോഴിക്കോട് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിലെ അനാസ്ഥ ഒഴിവാക്കണം. കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ 10 ലക്ഷം രൂപ ലഭ്യമാക്കണം. പ്രവാസികാര്യവകുപ്പ് ശക്തിപ്പെടുത്തുന്നതിനും വിദേശ മലയാളികളുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്രവിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും കൂടി

ചേർത്താണ് കൃഷിക്ക് 1,000 കോടി രൂപ മാറ്റിവച്ചിട്ടുള്ളത്. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനോ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാനോ ഈ സർക്കാരിന് സാധിച്ചിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കുന്നതിനും പട്ടിണി മാറ്റുന്നതിനും ജീവൻ രക്ഷാ മരുന്നുകളുടെ വില കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ സന്തുലിതമായ വികസനം ഈ ബഡ്ജറ്റിൽ കാണുന്നില്ല.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനം അഭിമുഖീകരിക്കുന്ന അതീവ സങ്കീർണ്ണ പ്രതിസന്ധികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മുൻഗണനാക്രമവുമാണ് ഈ ബഡ്ജറ്റിനെ ശ്രദ്ധേയമാക്കുന്നത്. കാർഷിക മേഖലയുടെ സംഭാവന മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 15 ശതമാനവും വ്യവസായം, ഊർജ്ജം എന്നിവ ഉൾപ്പെടുന്ന സെക്കന്ററി സെക്ടറിന്റേത് 25 ശതമാനവും ബാങ്കിംഗ്, ഗതാഗതം, വാർത്താവിനിമയം എന്നിവ ഉൾപ്പെടുന്ന മൂന്നാമത്തെ മേഖലയുടേത് 60 ശതമാനവുമാണ്. കാർഷിക മേഖലയെ പരിപോഷിപ്പിക്കുമ്പോൾ സാമ്പത്തിക വളർച്ചയെ അത് എങ്ങനെ സ്വാധീനിക്കുമെന്ന് വിലയിരുത്തണം. കാർഷിക രംഗത്തുനിന്നും സെക്കന്ററി സെക്ടറിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തെ തിരികെ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തണം. കാർഷിക മേഖലയെ നവീകരിക്കണം. വിദഗ്ദ്ധ തൊഴിലാളികളെ കാർഷിക മേഖലയിൽനിന്ന് സെക്കന്ററി മേഖലയിൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. അടിസ്ഥാന നിർമ്മാണ-ഉല്പാദന മേഖലകളിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. കാർഷികാധിഷ്ഠിത വ്യവസായങ്ങളും മൂല്യാധിഷ്ഠിത

ഉല്പന്നങ്ങളും സംസ്ഥാനത്ത് ആവശ്യമാണ്. ശമ്പളത്തിനും പെൻഷനുമായി റവന്യൂ വരുമാനത്തിന്റെ 87.5 ശതമാനവും നീക്കിവയ്ക്കുന്നത് വികസന സാധ്യതയെ മങ്ങലേൽപ്പിക്കുന്നു. ഉദ്യോഗക്കയറ്റംമൂലം വർദ്ധിച്ച സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് സാമൂഹ്യസേവനം ഉപാധിയായി വയ്ക്കണം. കുറച്ച് കാലങ്ങൾക്കുള്ളിൽ പെൻഷൻ തുക ശമ്പളത്തേക്കാളും വർദ്ധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതിന് പരിഹാരം കാണണം. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരം സംബന്ധിച്ച നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുകയും പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം ശക്തിപ്പെടുത്തി റോഡ്-റെയിൽ-ജല ഗതാഗത സംവിധാനങ്ങൾ യോജിപ്പിച്ചുകൊണ്ടുള്ള ഗതാഗത നയം ആവിഷ്ക്കരിക്കുകയും വേണം. മാലിന്യ നിർമ്മാർജ്ജനത്തിന് അടിയന്തിര പരിഗണന നൽകണം. പെരിയാർ നദി മാലിന്യവിമുക്തമാക്കുന്ന പദ്ധതിയായ കൊച്ചിയിലെ കോമൺ ഹസാർഡസ് വേസ്റ്റ് ട്രീറ്റ്മെന്റ് സ്റ്റോറേജ് ഡിസ്പോസൽ ഫെസിലിറ്റിക്ക് കൂടുതൽ തുക വകയിരുത്തണം. കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുന്നതിനും ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ് നികത്തുന്നതിനായി നടപടികൾ സ്വീകരിക്കണം. പുതിയ തൊഴിൽ സാധ്യതകൾക്കനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ രംഗം നവീകരിക്കണം. ഐ.ടി.ഐ. പാഠ്യപദ്ധതി നവീകരിക്കുകയും. ഓരോ ഐ.ടി.ഐ.യേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യണം. ഇൻസ്റ്റിറ്റ്യൂട്ടുകളും വ്യവസായങ്ങളും തമ്മിലുള്ള ഇന്ററാക്ഷൻ വർദ്ധിപ്പിച്ച് സാങ്കേതിക സ്ഥാപനങ്ങൾക്ക് ഫാക്കൽട്ടി എക്സ്ചേഞ്ചും തീവ്ര പരിശീലനവും ഏർപ്പെടുത്തണം. സ്ത്രീ

ശാക്തീകരണത്തിന് മതിയായ പ്രാതിനിധ്യം കൊടുക്കണം. കെ.എസ്.ഇ.ബി.യുടെ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ലോസ് 20 ശതമാനമായി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. ഇലക്ട്രിസിറ്റി ബോർഡിനെ പൊതുമേഖലാ സ്ഥാപനമായി നിലനിറുത്തണം. വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തണം. പൊതുമേഖലാസ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കണം. ജൈവഗ്രാമങ്ങൾക്ക് മതിയായ ബഡ്ജറ്റ് പ്രൊവിഷൻ അനുവദിക്കണം. പെൺഭ്രൂണഹത്യ തടയാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ. ജോർജ് എം. തോമസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കമുകിന്റെ മഞ്ഞളിപ്പ് രോഗം തടയുന്നതിന് പ്രത്യേക പാക്കേജുൾപ്പെടെ കാർഷിക മേഖലയ്ക്ക് 1000 കോടി രൂപ നീക്കിവച്ച് പ്രസ്തുത മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികളെ സ്വാഗതം ചെയ്യുന്നു. വയലുകളിലെ കമുക് പറിച്ചുമാറ്റുന്നതിനുള്ള ചെലവുകൂടി പാക്കേജിൽ ഉൾപ്പെടുത്തണം. കമുകിൻ തോട്ട ഉടമകളെക്കൂടി പശുഗ്രാമ പരിപാടിയുടെ പരിധിയിൽ കൊണ്ടുവരണം. ക്ഷീരകർഷകർക്കുള്ള പെൻഷൻ പ്രതിമാസം 250 രൂപ തോതിൽ കൃത്യമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക ഒന്നിച്ചു നൽകുന്നതിനുപകരം ഗഡുക്കളായി വിതരണം ചെയ്യണം. കർഷക കടാശ്വാസ കമ്മീഷനുവേണ്ടി 60 കോടി രൂപ വകയിരുത്തിയതിനെ അഭിനന്ദിക്കുന്നു. സർക്കാർ ജീവനക്കാരുടെ കൃത്യനിർവ്വഹണം മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ലഭ്യമാക്കണം. കേരളാ സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയൻ കുട്ടനാട്ടിൽ കൃഷിക്ക് ചുങ്കം

പിരിക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. യു.ഡി.എഫ്. ഭരണകാലത്ത് ഭക്ഷ്യ-സിവിൽ സപ്ളൈസ് വകുപ്പ് അഴിമതി നിറഞ്ഞതായിരുന്നു. ശ്രീ. അടൂർ പ്രകാശ് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.യായിരുന്ന കാലത്ത് റേഷൻ ഡീലേഴ്സ് അസോസിയേഷൻ സെക്രട്ടറി, ഹോൾ സെയിൽ ഡിപ്പോയ്ക്കുവേണ്ടി അപേക്ഷ നൽകിയിട്ട് 25 ലക്ഷം രൂപ കൈക്കൂലി നൽകാത്തതുകാരണം അനുവദിക്കാതെ 30 ലക്ഷം രൂപ കൈക്കൂലി നൽകിയ മലബാർ ജില്ലയിലെ ഒരു ലീഗ് നേതാവിന് ഡിപ്പോ അനുവദിച്ച് നൽകി. ജനങ്ങളോട് വഞ്ചനാപരമായ സമീപനമാണ് യു.ഡി. എഫ്. സർക്കാർ എക്കാലവും സ്വീകരിച്ചുപോന്നിട്ടുള്ളത്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വളരെ പ്രതികൂലമായ ഒരു സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കരാറുകാരുടെ കുടിശ്ശിക, ടാർ വാങ്ങിയ ഇനത്തിലുള്ള കുടിശ്ശിക തുടങ്ങി കൊടുക്കാനുണ്ടായിരുന്ന കോടിക്കണക്കിന് രൂപയുടെ കടക്കെണിയിൽ നിന്ന് കരകയറുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാധാരണക്കാരുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് കേരളത്തെ, ഇൻഡ്യയിലെ തന്നെ മികച്ച സംസ്ഥാനമാക്കി മാറ്റാൻ ഉദ്ദേശിച്ചുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റാണിത്. യു.ഡി.എഫ്. ഭരണകാലത്ത് ടെണ്ടർ വിളിക്കാതെ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ മാത്രം നടത്തി ചെയ്തിട്ടുള്ള പണികളിലൂടെ പൊതുമരാമത്ത് വകുപ്പ് തീർത്തും അഴിമതിയിൽ മുങ്ങിക്കുളിച്ചു. ശബരിമല തീർത്ഥാടന വേളയായതുകൊണ്ടുമാത്രമാണ് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ നടപടിക്രമം നോക്കാതെ റാന്നി പാലം അടിയന്തിരമായി

നന്നാക്കാൻ ക്യാബിനറ്റ് കൂടി ഉത്തരവിട്ടത്. എന്നാൽ യു.ഡി.എഫിന്റെ കാലത്ത് 170 കോടി രൂപയുടെ 102 വർക്കുകളാണ് നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കാൻ ഉത്തരവിട്ടത്. അന്ന് 84 കോടി രൂപയുടെ വർക്കുകൾ മരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണമുള്ള കോൺട്രാക്ടർമാർക്ക് കൊടുത്തു. എം.എ.സി.ടി. ക്ളെയിമുകൾ കൊടുത്തുതീർക്കുന്നതിന് 25 രൂപയിലധികം വരുന്ന ടിക്കറ്റുകൾക്ക് 1 രൂപ വീതം സെസ് ഏർപ്പെടുത്തുന്നതാണ് എന്ന ബഡ്ജറ്റ് നിർദ്ദേശം പിൻവലിക്കണം. പൊതുമരാമത്തു വകുപ്പിന് തുക വർദ്ധിപ്പിച്ചു നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

ശ്രീ. ബി.ഡി. ദേവസ്സി : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളപ്പിറവി യുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ, കേരളത്തെ മുന്നോട്ടുനയിച്ച ഇ.എം.എസ്.മന്ത്രിസഭയുടെ അമ്പതാം വാർഷികം ആഘോ ഷിക്കുവാൻ കേരളം തയ്യാറെടുക്കുമ്പോൾ, സാധാരണക്കാരെ പരമാവധി നികുതിയിൽനിന്നും ഒഴിവാക്കുന്ന ഉയർന്ന വിഭവസമാഹരണം ലക്ഷ്യമിടുന്ന ബഡ്ജറ്റാണ് ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാര്യഗൗരവമില്ലാത്തതും ധൂർത്ത് നിറഞ്ഞതുമായ നയങ്ങൾകൊണ്ട് ദു:സ്ഥിതിയിലായ കേരളത്തിലെ സമ്പദ് വ്യവസ്ഥയെ നേരിടാൻ മികച്ച ധന-റവന്യൂ നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. കാർഷിക-വ്യാവസായിക മേഖലകൾക്ക് ശക്തമായ ഊന്നൽ കൊടുക്കു കയും സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് അതീവ പ്രാധാന്യം നൽകുകയും ചെയ്തിട്ടുള്ള ബഡ്ജറ്റാണിത്. കഴിഞ്ഞ 5 വർഷംകൊണ്ട് 40 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത മേഖല തകരുകയും

മഹാഭൂരിപക്ഷം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ കാർഷിക മേഖല മുരടിച്ച് തൊഴിലില്ലായ്മ രൂക്ഷമാവുകയും ചെയ്തു. 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നുപറഞ്ഞ് അധികാരത്തിൽ വന്ന യു. ഡി. എഫ്. ഗവൺമെന്റ് നിയമന നിരോധന ഉത്തരവിറക്കുകയാണ് ചെയ്തത്. ഈ സർക്കാർ നിലവിലുള്ള തൊഴിലവസരങ്ങൾ സംരക്ഷിക്കുകയും പുതിയ തൊഴിലവ സരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ക്രമസമാധാന രംഗത്ത് വലിയ മാറ്റം ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് സേവന മേഖലയിൽനിന്നും പിൻമാറിയതിനാലാണ് ചിക്കുൻഗൂനിയ ഉൾപ്പെടെയുള്ള മാരകമായ രോഗങ്ങൾ പടർന്നുപിടിക്കാൻ ഇടയായത്. ഈ സർക്കാർ ആരോഗ്യമേഖലയിൽ ഇടപെട്ടതിന്റെ ഫലമായി കേരളത്തിൽ പല പകർച്ചവ്യാധികളും ഇല്ലായ്മ ചെയ്യാനും ജനങ്ങളുടെ ആയുർദൈർഘ്യം കൂട്ടാനും ശിശുമരണനിരക്ക് കുറയ്ക്കാനും കഴിഞ്ഞു. പുത്തൻ നയങ്ങളുടെ ഭാഗമായി വിദ്യാഭ്യാസം-ആരോഗ്യം-കുടിവെള്ളം തുടങ്ങിയ സേവന മേഖല കളിൽനിന്നും യു.ഡി.എഫ്. പിൻമാറിയതിന്റെ ബുദ്ധിമുട്ടുകൾ എല്ലാ മേഖല കളിലും ഇന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക പരിമിതിക ളുടേയും പ്രതിസന്ധികളുടേയും നടുവിൽനിന്നുകൊണ്ട് കർഷകത്തൊഴിലാ ളികൾക്കുള്ള പെൻഷൻ കുടിശ്ശികയും ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങളും കൊടുത്തുതീർത്തു. ജനകീയാസൂത്രണ പദ്ധതി നടപ്പിലാ ക്കുകയും പഞ്ചായത്ത്രാജ് സംവിധാനം പരിപോഷിപ്പിക്കുകയും ചെയ്ത ഏക സംസ്ഥാനം കേരളമാണ്. 40 ശതമാനം പദ്ധതി വിഹിതം പഞ്ചായത്തു കൾക്ക് നൽകിക്കൊണ്ട് വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പിലാക്കിയതുവഴി നിരവധി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ

കഴിഞ്ഞു. മുൻ യു.ഡി.എഫ്. ഗവൺമെന്റ് ജനകീയാസൂത്രണ പ്രസ്ഥാനത്തെ പ്രഹസനമാക്കുകയും അതിനുവേണ്ടിയുള്ള പദ്ധതി വിഹിതം വെട്ടിച്ചുരുക്കുകയും ചെയ്തു. യു.പി.എ. ഗവൺമെന്റ് കോമൺ മിനിമം പരിപാടിയിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ കർഷക-നിർമ്മാണത്തൊഴിലാളികൾക്ക് പുതിയ നിയമം കൊണ്ടുവരുമെന്നും ഭൂപരിഷ്ക്കരണം നടപ്പിലാക്കുമെന്നും പാർലമെന്റിലും നിയമസഭയിലും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തമെന്നും പറഞ്ഞിട്ട് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളിൽനിന്നും ശരിയായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ചെറുകിട വ്യാപാരികളെ സഹകരിപ്പിച്ചുകൊണ്ട് അവരുടെ സമ്മതത്തോടുകൂടി വാണിജ്യനികുതികൾ പരമാവധി പിരിച്ചെടുത്ത് വിഭവ സമാഹരണം നടത്താനാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നികുതിവെട്ടിപ്പുകാർക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യണം. കെ.എസ്.എഫ്.ഇ. വഴി പരമാവധി ധനസമാഹരണം നടത്താനും അത് കേരളത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താനും ശ്രമിക്കണം. വിഭവ സമാഹരണത്തിന്റെ ഭാഗമായി വിവിധ സഹകരണ ബാങ്കുകളിൽ കെട്ടിക്കിടക്കുന്ന തുക വികസന രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നിലപാട് സ്വീകരിക്കണം. മൂന്നര ലക്ഷം ലോട്ടറി വിൽപ്പനക്കാരെ വഴിയാധാരമാക്കി ലോട്ടറി നിരോധിച്ചുകൊണ്ട് വ്യാജ ലോട്ടറി മാഫിയക്കാരെ സഹായിക്കാനുള്ള നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതെങ്കിൽ അതിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ ലോട്ടറികൾ ശക്തമാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ സർക്കാർ ഭരണ-പ്രതിപക്ഷ-മണ്ഡല

വിവേചനമില്ലാതെയാണ് വികസനപ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്. ഈ ബഡ്ജറ്റിൽ കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനും ഐശ്വര്യ പൂർണ്ണമായ കേരളം കെട്ടിപ്പടുക്കാനും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി കെടുതികൾ അനുഭവിക്കുന്ന കൃഷിക്കാരെയും തൊഴിലാളികളെയും സഹായിക്കാനുമുള്ള നിർദ്ദേശങ്ങളാണുള്ളത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വ്യക്തമായ ദർശനവും സമഗ്രമായ പരിപാടികളുമാണ് ബഡ്ജറ്റിലുള്ളത്. സമ്പദ്ഘടന വളരുന്നു എന്ന് അവകാശപ്പെടുന്ന കേന്ദ്ര ഗവൺമെന്റ് തളരുന്ന ജനങ്ങളെ വിസ്മരിക്കുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. വിലക്കയറ്റത്തിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ യഥാസമയം ചെയ്യാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആത്മാർത്ഥതയും അന്തസ്സുമുള്ള കോൺഗ്രസ്സുകാർ ശ്രമിക്കണം. അന്താരാഷ്ട്ര വിപണിയിൽ ഓയിലിന്റെ വില ബാരൽ ഒന്നിന് 75 ഡോളറെന്നത് 55 ഡോളറായി കുറഞ്ഞപ്പോൾ ലിറ്ററിന് ഒരു രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഡീസലിന് കുറച്ചത്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 800 കോടി രൂപയുടെ പ്രവർത്തനമാണ് നടന്നുവരുന്നത്. ലോക ബാങ്കിന്റെ സഹായത്തോടെയുള്ള ശുദ്ധജല പദ്ധതികൾക്ക് 35 കോടി രൂപ മാറ്റിവച്ചു. സുനാമി ഫണ്ട് ഉപയോഗിച്ച് ആറാട്ടുപുഴയിലും വലിയഴീക്കലിലുമായി 39 കോടി രൂപ ചെലവുചെയ്ത് രണ്ട് ശുദ്ധജല വിതരണ പദ്ധതികളുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുക

യാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുനാമി ദുരിതബാധിത മേഖലയെ സംരക്ഷിക്കാൻ യാതൊന്നും ചെയ്തില്ല. പാവപ്പെട്ട ക്യാൻസർ രോഗികൾക്കുള്ള ചികിത്സാ ധനസഹായംപോലും വകമാറ്റി ചെലവഴിക്കുക യാണ് ചെയ്തത്. സുതാര്യവും സംശുദ്ധവുമായ ഭരണം നടത്താനും ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കാനും പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. സാധാരണക്കാർക്ക് അധിക നികുതി ഭാരമില്ലാതെ, കൃഷി വികസനത്തിന് 1000 കോടി രൂപയും കയർ മേഖലയ്ക്ക് 46 കോടി രൂപയും കൈത്തറി മേഖലയെ സമ്പന്നമാക്കാൻ 25 കോടി രൂപയും പരമ്പരാഗത മേഖലകളെ സംരക്ഷിക്കാൻ ബാദ്ധ്യതയുള്ളതി നാൽ കശുവണ്ടി മേഖലയ്ക്ക് 30 കോടി രൂപയും സാമ്പത്തിക പരിമിതി കൾക്കുള്ളിൽനിന്നുകൊണ്ട് കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും കാപ്പെക്സിൽനിന്നും പിരിഞ്ഞുപോയവർക്ക് 1997 മുതലുള്ള ഗ്രാറ്റുവിറ്റി തുക കൊടുക്കാൻ 30 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ആരോഗ്യ മേഖലയ്ക്ക് പുത്തനുണർവ്വും നേട്ടങ്ങളും പകർന്നുകൊണ്ട് പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകുകയാണ്. ടൂറിസത്തിന് 100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൊഴിലില്ലായ്മയ്ക്ക് ശാശ്വത പരിഹാരം കാണുന്ന നിർദ്ദേശങ്ങളും ബഡ്ജറ്റിലുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള 45 ലക്ഷം യുവതീ- യുവാക്കൾക്ക് തൊഴിൽ നൽകാനുള്ള പുതിയ സംരംഭങ്ങളുണ്ടാ ക്കുകയും അതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. പി.ടി.എ. റഹീം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഡ്ജറ്റ് യഥാർത്ഥ്യബോധമില്ലാത്തതും സെൻട്രലി സ്പോൺസേർഡ് ആണെന്നുമാണ് പ്രതിപക്ഷത്തിന്റെ വിമർശനം. കഴിഞ്ഞ അഞ്ച് വർഷമായി കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് ലഭിക്കാത്തതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നുംതന്നെ കേരളത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. എസ്.എസ്.എ. പദ്ധതിക്കുൾപ്പെടെ സംസ്ഥാനവിഹിതം കിട്ടാത്തതുകൊണ്ട് വളരെയധികം നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് പൊതുമരാമത്ത് വകുപ്പിൽ 500 കോടി രൂപയുടെ പദ്ധതിയാണ് ടെണ്ടർ ഇല്ലാതെ കൊടുത്ത് അഴിമതി നടത്തിയിരിക്കുന്നത്. കോഴിക്കോട് ഹജ്ജ്ഹൗസിന്റെ നിർമ്മാണം അടുത്ത ഹജ്ജ് സീസണിനു മുമ്പ് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. ഈ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും മതരംഗത്തുള്ള പ്രസ്ഥാനങ്ങളും പ്രവർത്തിച്ചതുകൊണ്ടാണ് കേരളത്തിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായത്.

ശ്രീമതി കെ.എസ്. സലീഖ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അടിസ്ഥാന വികസനത്തോടൊപ്പം തന്നെ സാമൂഹ്യസുരക്ഷാ പദ്ധതികൾക്കും വേണ്ടത്ര നിക്ഷേപം ഉറപ്പാക്കുന്ന സന്തുലിത ബഡ്ജറ്റാണിത്. അന്യസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിനു ലഭിക്കുന്ന കേന്ദ്രവിഹിതം വളരെ തുച്ഛമാണ്. ഇത് കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയാണ്. 13-ാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്ന ഈ സമയത്ത് കേന്ദ്രത്തിൽനിന്നുള്ള വിഹിതത്തിന് സമ്മർദ്ദം

ചെലുത്താനുള്ള സർക്കാരിന്റെ നീക്കത്തെ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറ്റിൽ കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം മേഖലകൾക്ക് മുന്തിയ പരിഗണന നൽകിയതിനെ സ്വാഗതം ചെയ്യുന്നു. കാർഷിക മേഖലയിൽ കഴിഞ്ഞവർഷം തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കാനും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിക്ക് ഊന്നൽ നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിനും കർഷകരുടെ പലിശ എഴുതിത്തള്ളുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം അടക്കം ആയിരംകോടിയിൽപ്പരം രൂപ വികസന പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന 'പാഡികോ' എന്ന മോഡേൺ റൈസ്മില്ലിനെ പുഷ്ടിപ്പെടുത്തുന്നതിനുള്ള സഹായംകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. കർഷകത്തൊഴിലാളി പെൻഷൻ കുടശ്ശിക കൊടുത്തതും വിവിധ ക്ഷേമ പദ്ധതികൾക്ക് 10 രൂപ വീതം കൂട്ടിയതും സ്വാഗതാർഹമാണ്. അവഗണിക്കപ്പെട്ടുകിടന്ന പൊതുജനാരോഗ്യ മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുന്നതിനുള്ള പരിശ്രമമാണ് നടത്തിയിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഉപാധിരഹിത സഹായത്തിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആശുപത്രികളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാനും കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങി വിതരണം ചെയ്യാനുമുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മെയിന്റനൻസ് ഗ്രാന്റിൽനിന്ന് 20% സംഖ്യ മരുന്നു വാങ്ങുന്നതിന് ചെലവഴിക്കാം എന്ന

തീരുമാനം എടുത്തിരിക്കുന്നു. നിലവിലുള്ള മരുന്നുകളുടെ പരമാവധി റേറ്റിൽ കൂടുതൽ വില എടുക്കുന്ന മരുന്നു കമ്പനികൾക്ക് എതിരെ നടപടി സ്വീകരിക്കാനും സർക്കാരിലേയ്ക്ക് നികുതി നൽകാതെ മരുന്നു വിൽക്കുന്ന മരുന്നു കമ്പനികളിൽനിന്ന് നികുതി പിരിച്ചെടുക്കാനും ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽനിന്നും എം.ബി.ബി.എസ്സും, പി.ജി.യും എടുത്ത് പുറത്തുവരുന്നവർ ഒരു വർഷത്തെ സർക്കാർ സേവനം നിർബന്ധമായും ചെയ്തിരിക്കണമെന്നുള്ള തീരുമാനം സ്വാഗതാർഹമാണ്. സാമൂഹ്യക്ഷേമ വകുപ്പിനെ ഒരു സാമൂഹ്യക്ഷേമ വനിതാ വികസന വകുപ്പാക്കി മാറ്റി ശാക്തീകരണ പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള ബൃഹത് പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വനിതാ കമ്മീഷന്റേയും വനിതാ വികസന കോർപ്പറേഷന്റേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കുടുംബശ്രീക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചതിനെ അഭിനന്ദിക്കുന്നു. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നിവ നൽകുമെന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധേമാണ്. വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ലാബോറട്ടറിയും ലൈബ്രറി സൗകര്യവും ഉണ്ടാക്കുന്നതിന് തുക മാറ്റിവച്ചിട്ടുള്ളതിനെ സ്വാഗതം ചെയ്യുന്നു. പരീക്ഷണാടിസ്ഥാനത്തിൽ മഹാരാജാസ് കോളേജ് കേന്ദ്രീകരിച്ച് ഒരു കോടി രൂപ മുടക്കി സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ ക്ലസ്റ്റർ ഹെറിട്ടേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണം. ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരണംമൂലം യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാനും പരിഷ്ക്കരിക്കുവാനും

സാധിക്കും. തകർന്നടിഞ്ഞ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് തീവ്രശ്രമം നടത്തിയിരിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര വികസ നത്തെ ലക്ഷ്യമാക്കി എം.എ.സി.ടി. ക്ലെയിമുകൾ കൊടുത്തുതീർക്കുന്നതിന് എടുത്ത തീരുമാനവും 1000 പുതിയ ബസ്സുകൾ വാങ്ങുന്നതിന് ബാങ്ക് വായ്പയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നിൽക്കുമെന്നുള്ള പ്രഖ്യാപനവും കെ.എസ്.ആർ.ടി.സി.യെ സേവനമേഖലയിൽ നിലനിർത്താനുള്ള സർക്കാരിന്റെ തീരുമാനവും അഭിനന്ദനാർഹമാണ്. പരമ്പരാഗതമേഖലയിൽ കൈത്തറി, കയർ, കശുവണ്ടി എന്നിവയ്ക്ക് തുക നീക്കിവച്ചത് നല്ല കാര്യമാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.എഫ്.ഇ. യുടെ പുതിയ 25 ബ്രാഞ്ചുകൾ തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നതിലൊന്ന് ശ്രീകൃഷ്ണപുരത്ത് അനുവദിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ക്കാരുടെ ഉന്നമനത്തിനും ആദിവാസിക്ഷേമത്തിനും ഊന്നൽ നൽകുന്നതോ ടൊപ്പം ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള കർമ്മപദ്ധതികൾക്ക് ഈ ബഡ്ജറ്റിൽ രൂപം നൽകിയി ട്ടുണ്ട്. വ്യാപാര വ്യവസായ സമൂഹത്തിന്റെ ന്യായമായ ആവശ്യം അംഗീക രിച്ചുകൊണ്ട് നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അഭിനന്ദ നാർഹമാണ്. നാളികേരത്തിനുള്ള നികുതി ഇളവ് ഒരു വർഷം കൂടി നീട്ടി ക്കൊടുത്തതും ശ്ലാഘനീയമാണ്. ഈ ബഡ്ജറ്റ് കേരളീയ സമൂഹത്തിന് പ്രത്യാശ നൽകുന്നതാണ്.

## വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. അടൂർ പ്രകാശ്:</u> എന്നെപ്പറ്റി തിരുവമ്പാടി അംഗം ചില പരാ മർശങ്ങൾ ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. സത്യവിരുദ്ധമായ

കാര്യങ്ങൾ ഈ സഭയിൽ ഉന്നയിക്കുവാൻവേണ്ടി അദ്ദേഹത്തിന്റെ പിന്നിൽ നിൽക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊള്ള നടത്തിയ ഒരു കരാറുകാരനാണ്. ഈ കൊള്ള അവസാനിപ്പിക്കാൻവേണ്ടി മന്ത്രി എന്ന നിലയിൽ ഞാൻ എടുത്തിരുന്ന നടപടിയാണ് ഇതിന് പ്രേരണ നൽകുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്നെ പരാജയപ്പെടുത്തുവാൻ ഇതേ ശക്തികൾ ഒത്തുചേർന്ന് എന്റെ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുകയും പ്രചരണ ങ്ങൾ നടത്തുകയുമുണ്ടായി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേടിയതിനേക്കാൾ കൂടുതൽ വോട്ടുകൾ നേടിക്കൊണ്ടാണ് ഞാൻ ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചുവന്നത്. ഞങ്ങളുടെ പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്ന നിലയിൽ ഒരാൾ എന്നെക്കുറിച്ച് ആക്ഷേപം പറഞ്ഞു എന്നാണ് ശ്രീ. ജോർജ് എം. തോമസ് ഇവിടെ ഉന്നയിച്ചത്. കോൺഗ്രസ് എന്ന മഹത്തായ പ്രസ്ഥാനത്തിൽ നിന്നുകൊണ്ട് അയാൾ യൂദാസിന്റെ പണി ചെയ്തതിന് പാർട്ടിയിൽ നിന്ന് പുറത്താക്കിയ ആളാണെന്നു മാത്രമല്ല ആ യൂദാസിന്റെ പണി തിരുവമ്പാടിയിൽ നടത്തിയതുകൊണ്ടാണ് ശ്രീ. ജോർജ് എം.തോമസ് ഈ സഭയിൽ വരുവാൻ ഇടയായത് എന്നുകൂടി അറിയിക്കുന്നു. ഇവിടെ പറഞ്ഞ എല്ലാ ആരോപണങ്ങളും നിഷേധിക്കുന്നു.

<u>ശ്രീ. പി.എം.എ. സലാം:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഗാർഹിക സാധനങ്ങൾക്ക് നികുതി കുറച്ചതും കാർഷിക മേഖലയുടെ തകർച്ച തടയാൻ 1000 കോടി രൂപ അനുവദിച്ചതും ആദിവാസി മത്സ്യത്തൊഴിലാളി മേഖലയ്ക്ക് പ്രാധാന്യം നൽകിയതും ഈ ഗവൺമെന്റിന്റെ ജനകീയ പ്രതിബദ്ധത തെളിയിക്കുന്നതാണ്. ടൂറിസം, ഐ.ടി. മേഖലകൾക്ക് മുന്തിയ പരിഗണന ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ

രൂപീകരിക്കാൻ തീരുമാനിച്ചതും പാവപ്പെട്ടവർക്ക് സൗജന്യചികിത്സ പ്രഖ്യാപിച്ചതും ഉച്ചഭക്ഷണം ഹൈസ്കൂൾതലത്തിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചതും അഭിനന്ദനാർഹമാണ്. ജപ്പാൻ കുടിവെള്ള പദ്ധതിക്കായി 2007-08-ൽ ചെലവഴിക്കാൻ 800 കോടി രൂപയാണ് ഈ സർക്കാർ നീക്കി വച്ചിരിക്കുന്നത്. കോഴിക്കോട് നഗരത്തിന് കേരള ഗവണ്മെന്റിന്റെ പ്രത്യേക പരിഗണന ധനകാര്യ വകുപ്പിലൂടെ ലഭിക്കണം. നാഷണൽ ഹൈവേ 212-ൽ മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ വികസനത്തിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക വകയിരുത്തണം. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ മുഖച്ഛായതന്നെ മാറിയത് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഫാർമസി കോളേജിന്റേയും നഴ്സിംഗ് കോളേജിന്റേയും പുതിയ കെട്ടിടങ്ങൾ തുടങ്ങി ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടന്നുവരികയാണ്. അതിനും കൂടുതൽ തുക വകയിരുത്തണം. ഗോൾഡൻ ജൂബിലി ഓഡിറ്റോറിയത്തിന്റേയും ഹജ്ജ് ഹൗസിന്റേയും പണികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കുറച്ചു തുകകൂടി വകകൊള്ളിക്കണം. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുയർന്ന ഒരു ബഡ്ജറ്റാണിത്.

ശ്രീ. ടി.എൻ. പ്രതാപൻ ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തെ അപകടത്തിലാക്കുന്ന വിധത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റിൽ കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ കവർന്നെടുത്തിരിക്കുകയാണ്. സംസ്ഥാനത്തെ കടബാദ്ധ്യത കൂട്ടുന്നതിനും വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യവും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഒരു ബഡ്ജറ്റാണിത്. റവന്യൂ

വരുമാനം വർദ്ധിപ്പിക്കുന്നതിലും നികുതികൾ പിരിച്ചെടുക്കുന്നതിലും ഈ ഗവണ്മെന്റ് ശുഷ്കാന്തി കാണിക്കുന്നില്ല. 2006-07-ലെ ആക്ചൽ എക്സ്പെന്റിച്ചറും ആക്ചൽ റെസീപ്റ്റും വന്നുകഴിയുമ്പോൾ കടം ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതലായിരിക്കും. നികുതിവരുമാനത്തിൽ കുറവു വരുത്തുന്ന ഒരു ബഡ്ജറ്റ് വീണ്ടും അധികഭാരം അടിച്ചേൽപ്പിക്കും. പ്രാഥമിക മേഖലയിൽ കൂടുതൽ നിക്ഷേപം മുടക്കി അതിലൂടെ സംസ്ഥാനത്തിന്റെ സമ്പത്തും ജനങ്ങളുടെ ആളോഹരി വരുമാനവും വർദ്ധിപ്പിക്കണമെന്ന ദിശാബോധം ഈ ബഡ്ജറ്റിൽ കാണുന്നില്ല. കൃഷിയോടും അനുബന്ധ മേഖലയോടും കാണിച്ച അവഗണന പോലെതന്നെ മൽസ്യത്തൊഴിലാളി കളേയും ഈ ബഡ്ജറ്റിലൂടെ അവഗണിച്ചിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു പുതിയ പദ്ധതിയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി 3000 കോടി രൂപ മാറ്റിവച്ചിരിക്കുന്നുവെന്ന് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് കേന്ദ്രഗവണ്മെന്റ് അനുവദിച്ച സുനാമി ഫണ്ടും എല്ലാംകൂടി ചേർത്തിട്ടാണ്. പുനർ നിർമ്മാണത്തിനുവേണ്ടി ലഭിച്ച സുനാമി ഫണ്ട് ചെലവഴിച്ചു തീർത്തിട്ടില്ല. 2009 ഡിസംബറിനുമുമ്പ് ചെലവു ചെയ്തുതീർക്കേണ്ട തുക ഇങ്ങനെയാണെ ങ്കിൽ 10 വർഷം കഴിഞ്ഞാലും തീരില്ല. ഇക്കാര്യത്തിൽ നീതിപൂർവ്വമായ സമീപനം ഉണ്ടാകണം. ഈ വർഷം പുതുക്കിയ പദ്ധതിപ്രകാരം വർദ്ധനവ് പ്രതീക്ഷിക്കുന്നത് 4.03 ശതമാനമാണ് എന്നാണ് 11-ാം പഞ്ചവൽസര പദ്ധതിയുടെ രേഖയിൽ പറഞ്ഞിരിക്കുന്നത്. അതിന് ആനുപാതികമായ തുകയെങ്കിലും ഫിഷറീസ് വകുപ്പിന് ലഭിക്കണം. കർഷക കടാശ്വാസ

കമ്മീഷന്റെ മാതൃകയിൽ മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. കോസ്റ്റൽ പുരയ്ക്കും ഡ്രഡ്ജിംഗിനും ഹാർബറുകൾക്കും മൽസ്യബന്ധന തുറമുഖങ്ങൾക്കും വേണ്ടി ബഡ്ജറ്റിൽ തുക നീക്കിവയ്ക്കണം. തുറമുഖ വികസനത്തിനായി കേന്ദ്രഗവണ്മെന്റിന്റെ വിഹിതത്തോടൊപ്പം സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതവും ഉൾപ്പെടുത്തണം. ബഡ്ജറ്റ് ഹെഡ്സ് ഇല്ലാത്തതിനാൽ തുറമുഖ വികസനത്തിന് വകയിരുത്തിയിട്ടുള്ള 3 കോടി രൂപ സപ്ളിമെന്ററി ഗ്രാന്റിലോ കണ്ടിൻജൻസി ഫണ്ടിലോ ഉൾപ്പെടുത്തി അനുവദിക്കണം. തുണികൾക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതി പിൻവലിക്കണം. കുഞ്ഞുണ്ണി മാഷിന്റെ ഓർമ്മയ്ക്കായി സ്മാരകം നിർമ്മിക്കുന്നതിന് ഒരു ട്രസ്റ്റ് രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 2011 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി വിഭാവനം ചെയ്തിരിക്കുന്നത്. പെൻഷൻ ആനുകല്യങ്ങൾ നിലനിർത്തിക്കൊണ്ടും ക്ഷേമപദ്ധതികൾ വെട്ടിച്ചുരുക്കാതെയും ജനങ്ങളെ രക്ഷിക്കാനുള്ള നയപരിപാടികളുമായിട്ടാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. റവന്യൂ വരുമാനം ഗണ്യമായി ഉയർത്തുക എന്നതാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. വിഭവസമാഹരണത്തിന് ഊന്നൽ നൽകുന്ന ഒരു ബഡ്ജറ്റാണിത്. സാധാരണക്കാർക്ക് പ്രയോജനമുള്ള യാതൊരു പദ്ധതിയും ആവിഷ്ക്കരിക്കാത്ത, പണപ്പെരുപ്പം, വിലക്കയറ്റം എന്നിവ നിയന്ത്രിക്കാനുള്ള നിർദ്ദേശങ്ങളൊന്നുമില്ലാത്ത ഒരു ബഡ്ജറ്റാണ് കേന്ദ്ര ഗവണ്മെന്റ് അവതരിപ്പിച്ചിട്ടുള്ളത്. പാവപ്പെട്ട ലക്ഷക്കണക്കായ

ബീഡിത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന നികുതി നിർദ്ദേശം കേന്ദ്ര ബഡ്ജറ്റിൽ കൊണ്ടുവന്നു. എന്നാൽ ബീഡി ഒഴികെയുള്ള പുകയില ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. ട്രഷറിയിൽ 50,000 രൂപയോ അതിലധികമോ നിക്ഷേപിക്കുന്ന വിദേശ മലയാളികൾക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി ആവിഷ്ക്കരിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. എന്നാൽ 50,000 രൂപ ഒറ്റത്തവണ നിക്ഷേപിക്കാനുള്ള പ്രയാസമുണ്ടാക്കുമെന്നുള്ളതുകൊണ്ട് അത് ഗഡുക്കളായി നിക്ഷേപിക്കാനുള്ള അവസരമുണ്ടാക്കണം. ഗൾഫ് മലയാളി സംഘടനകളുമായി ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് ചർച്ച നടത്തണം. കെ.എസ്.എഫ്.ഇ.-യിൽ 138 ടൈപ്പിസ്റ്റുമാരെയും 171 പാർട്ട് ടൈം സ്വീപ്പർമാരെയും യാതൊരു മാനദണ്ഡവും പാലിക്കാതെ നിയമിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഇപ്പോഴുള്ള ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ആളുകളെ സഹായിക്കാൻ വേണ്ടി വിദേശ മലയാളികളിൽ നിന്ന് പണം സ്വരൂപിക്കുന്നത് സ്വാഗതാർഹമായ കാര്യമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യയിലെ മുസ്ലീംങ്ങളുടെ ഉന്നമനത്തിനുവേണ്ടി എക്കാലവും നിലകൊണ്ടിട്ടുള്ള ഒരു പാർട്ടിയാണ്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഭാവനാസമ്പന്നമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നയത്തിന്റെ ഫലമായി ദുരിതമനുഭവിക്കുന്ന കൃഷി,

പരമ്പരാഗത വ്യവസായം, ആരോഗ്യം, വിദ്യാഭാസം എന്നീ മേഖലകളെ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ. ഗവണ്മെന്റിന്റെ കാലത്ത് കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരെ സഹായിക്കാൻവേണ്ടി രൂപീകരിച്ച കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനങ്ങൾക്കായി 160 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. നെൽകൃഷി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി 45 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ഒരു കിലോയ്ക്ക് 8.50 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിനും അത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചത് നെൽകർഷകരെ സഹായിക്കുന്നതിനുള്ള ഈ ഗവണ്മെന്റിന്റെ സമീപനത്തെയാണ് കാണിക്കുന്നത്. സിവിൽ സപ്ളൈസ് കോർപ്പറേഷനിലുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചുകഴിഞ്ഞു. കാർഷിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി ഡോ. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് നാലു ശതമാനം പലിശയ്ക്ക് വായ്പ നൽകാൻ നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ മുൻകയ്യെടുക്കണം. കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ്. തകർത്തു തരിപ്പണമാക്കിയ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ സാക്ഷാത്കരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസരംഗത്ത് കർക്കശമായ അച്ചടക്കം കൊണ്ടുവരികയും സ്വാശ്രയ വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്താൻ നിയമനിർമ്മാണം നടത്തുകയും ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ഏർപ്പെടുത്തുകയും

ചെയ്തു. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിൽ വികസനത്തിനും കെട്ടിടനിർമ്മാണത്തിനും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയതിനെയും സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാനുള്ള തീരുമാനത്തെയും സ്വാഗതം ചെയ്യുന്നു. സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് അവസരം സൃഷ്ടിക്കുന്നതിനും പൊതുജനാരോഗ്യ രംഗത്ത് സത്വര നടപടികൾ സ്വീകരിക്കുന്നതിനും ഈ ഗവൺമെന്റ് നടപടികൾ എടുത്തിട്ടുണ്ട്. ആശുപത്രികളിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കുന്ന നടപടി സ്വാഗതാർഹമാണ്. ആരോഗ്യരംഗം സുശക്തമാക്കാൻ മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന നിർദ്ദേശം ശ്രദ്ധേയമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. പൊതുമേഖലാ സ്ഥാപനങ്ങളെയും അവിടത്തെ തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടെന്നത് ശ്ലാഘനീയമാണ്. ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തണം. നെടുമങ്ങാട് ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ കെട്ടിടത്തിന് തുക അനുവദിച്ചതായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അത് തിരുത്തി ‘കോളേജ് കെട്ടിടത്തിന്’ എന്നാക്കി മാറ്റണം.

ശ്രീ. കെ.എം മാണി: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിലെ ഡിസ്-എബിലിറ്റി ഈ ബഡ്ജറ്റിലും ഉണ്ട്. ലോകത്തിലെ ഏറ്റവും വളർച്ച പ്രാപിച്ച high growth economy കൈവരിക്കാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടുണ്ട് എന്ന സത്യം കേന്ദ്ര നയത്തെ എതിർക്കുന്നവർ വിസ്മരിക്കരുത്. റവന്യൂ കമ്മി ജി.ഡി.പി.യുടെ 4.36 ശതമാനവും ഫിസ്ക്കൽ ഡെഫിസിറ്റ് 6.14 ശതമാനവുമായി കുറഞ്ഞിരിക്കുകയാണ്. 2011 ആകുമ്പോഴേക്കും റവന്യൂ കമ്മി കുറയ്ക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ വ്യാമോഹം വൃഥാവിലാണ്. ഈ ഗവൺമെന്റിന്റെ ഫിസ്ക്കൽ-ധനകാര്യ രംഗങ്ങളിലെ പെർഫോമൻസ് മോശമാണ്. 11-ാം പഞ്ചവത്സര പദ്ധതിയെക്കുറിച്ച് ബഡ്ജറ്റിൽ യാതൊന്നും പ്രതിപാദിക്കുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്ളാൻ എക്സ്പെൻഡിച്ചർ എത്ര ശതമാനമാണെന്ന് വ്യക്തമാക്കണം. ഈ ബഡ്ജറ്റിലുടനീളം ഇടതുമുന്നണിയുടെ വികസനതന്ത്രം പ്രതിഫലിക്കുന്നു. നീതിനിഷ്ഠമായ വികസനം ഉണ്ടാകണമെങ്കിൽ കാർഷിക മേഖലയിൽ വളർച്ച ഉണ്ടാകണം. കാർഷിക മേഖലയുടെ വളർച്ച 0.9 ശതമാനമാണ്. Demands for Grants-ൽ വിവിധ വകുപ്പുകൾക്കായി വച്ചിരിക്കുന്ന തുക enumerate ചെയ്താണ് 1,000 കോടി രൂപ കൃഷിക്കുവേണ്ടി മാറ്റിവച്ചതായി പറഞ്ഞിരിക്കുന്നത്. എൽ.ഡി. എഫ്. മാനിഫെസ്റ്റോയിൽ പറഞ്ഞതനുസരിച്ച് 695 കോടി രൂപ കൃഷിക്കു വേണ്ടിമാത്രം വകയിരുത്തേണ്ട സ്ഥാനത്ത് 461 കോടി രൂപമാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കൃഷിയിടങ്ങളിൽ പുതിയ ടെക്നോളജി ഉപയോഗപ്പെടുത്തി പ്രൊഡക്ടിവിറ്റിയും ഗുണമേന്മയും വർദ്ധിപ്പിച്ച് ഉല്പന്നങ്ങളെ

ലോകമാർക്കറ്റിൽ കോംപിറ്റിറ്റീവ് ആക്കി മാറ്റുവാൻ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. വിവിധ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയുടെ മുതൽ തുക അടച്ചിട്ടുണ്ടെങ്കിൽ പലിശ എഴുതിത്തള്ളു ന്നതിനും പലിശ നിരക്ക് പുനഃക്രമീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ ഭരണഘടനാവിരുദ്ധ മാണ്. കേന്ദ്ര മോട്ടോർ വെഹിക്കിൾസ് ആക്ട് അനുസരിച്ച് കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ ഉപയോഗിച്ച വാഹനകൈമാറ്റത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തിയിരിക്കുന്ന നടപടി ഭരണഘടനാവിരുദ്ധമാണ്, അത് നിലനിൽക്കില്ല. കോൺസ്റ്റിറ്റ്യൂഷൻ ലിസ്റ്റിൽ എൻട്രി 91 അനുസരിച്ച് transfer of share with stamp duty നിശ്ചയിക്കാനുള്ള അധികാരം പാർലമെന്റിനായതിനാൽ ഷെയർ കൈമാറ്റത്തിന്മേൽ നികുതി കൊണ്ടു വന്നിരിക്കുന്നത് നിലനിൽക്കില്ല; മുക്ത്യാർ പ്രമാണങ്ങൾക്ക് Transfer of Property Act അനുസരിച്ച് വസ്തു കൈമാറ്റം ചെയ്യുമ്പോൾ വസ്തുവിന്റെ മൂല്യത്തിന്മേൽ നികുതി കൊടുക്കുന്നത് അസാദ്ധ്യമായതിനാൽ ആ നികുതി പിൻവലിക്കണം. പുകയിലയെ ഡിക്ലയേർഡ് ഗുഡ്സിൽനിന്നും മാറ്റി 12.5 ശതമാനം നികുതി ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. തുണിത്തര ങ്ങൾക്ക് ഒരു ശതമാനം നികുതി ചുമത്തിയതിനെ അംഗീകരിക്കാനാവില്ല. വർക്ക്സ് കോൺട്രാക്ടിന് 12.50% വാറ്റും കെട്ടിട നികുതിക്കു പുറമെ സ്റ്റാമ്പ് ഡ്യൂട്ടിയും ചേർത്ത് ഒരു ഫ്ളാറ്റിന്റെ നിർമ്മാണച്ചെലവിന്റെ നാലിലൊരുഭാഗം നികുതിയായി പിരിക്കാൻ ഉദ്ദേശിക്കുന്നത് ശരിയല്ല. ഇത് മാറ്റണം. 1999-ൽ പാർലമെന്റ് പാസ്സാക്കിയ ഇൻഷ്വറൻസ് റെഗുലേറ്ററി

ഡെവലപ്മെന്റ് അതോറിറ്റി നിയമമനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ പ്രോപ്പർട്ടി ഇൻഷ്വർ ചെയ്യാമെങ്കിലും ഈ മേഖലയിൽ പുതിയ കാര്യങ്ങൾ ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാതിരിക്കെ, 1938-ലെ ഇൻഷ്വറൻസ് ആക്റ്റിൽ വരുന്നതും സെൻട്രൽ ലിസ്റ്റിലെ 47-ാമത്തെ സബ്ജക്ടുമായ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിനെ വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് നിയമസാധുതയില്ലാത്ത കാര്യമാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ 25 രൂപയിലധികം വരുന്ന ടിക്കറ്റുകൾക്ക് ഒരു രൂപ സെസ്സ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് പിൻവലിക്കണം. എം.എ.സി.ടി. ക്ലെയിമുകൾ കൊടുത്തുതീർക്കാനാണെങ്കിൽ വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നതായിരിക്കും ഭേദം. കർഷക കടാശ്വാസ മേഖലയിൽ 100 കോടി രൂപ നോൺ പ്ലാനിൽ വച്ചിട്ട് യാതൊരു പ്രയോജനവുമില്ല. കാർഷിക മേഖലയുൾപ്പെടെ കർഷകർക്ക് ഏതു കണ്ടിൻജൻസിയിലും സംരക്ഷണം ഉറപ്പു വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ കൃഷി ഭൂമി യോജന പദ്ധതി സംസ്ഥാനത്തിന് സ്വീകരിക്കാവുന്നതാണ്.

ശ്രീ. സി.എം. ദിനേശ് മണി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഡ്ജറ്റില്ലാത്ത ഭരണമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റേതെങ്കിൽ കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലും കാർഷികമേഖലയിലെ വികസനങ്ങൾക്ക് ഊന്നൽ നൽകുന്ന, വ്യക്തമായ നയങ്ങളും കാഴ്ചപ്പാടുകളുമുള്ള ബഡ്ജറ്റാണ് ഈ ഗവണ്മെന്റ് അവതരിപ്പിച്ചിരിക്കുന്നത്. സ്മാർട്ട് സിറ്റിക്കുവേണ്ടി ടീക്കോം അധികൃതരുമായി യു.ഡി.എഫ്. ഒപ്പിടാൻ തയ്യാറായ കരാറിൽ

സംസ്ഥാനത്തിന്, പ്രത്യേകിച്ചും ചെറുപ്പക്കാരും അഭ്യസ്തവിദ്യരുമായ തൊഴിൽരഹിതർക്ക് ദോഷകരമാകുമായിരുന്ന വ്യവസ്ഥകളായിരുന്നു ഏറെയും. സർക്കാരിന് 9% ഷെയർ എന്നത് 16% ആക്കിയതുൾപ്പെടെയുള്ള സ്മാർട്ട് സിറ്റി കരാറിലെ എല്ലാ വ്യവസ്ഥകളും എൽ.ഡി.എഫ്. സർക്കാർ മാറ്റിയെഴുതിച്ചു. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞ പല കാര്യങ്ങളും സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഐ.റ്റി., ടൂറിസം മേഖലകളെ സംബന്ധിച്ചാണെങ്കിൽ, പാരിസ്ഥിതിക സന്തുലനം സംരക്ഷിച്ചുകൊണ്ടുള്ള വ്യാവസായിക വികസന സംരംഭമാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഭരണ നവീകരണത്തിന്റെ പേരിൽ മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിൽപെടുത്തി (എം.ജി.പി) 600 കോടി രൂപയാണ് യു.ഡി.എഫ്. സർക്കാർ അനാവശ്യമായി ചെലവിട്ടത്. അന്നത്തെ സുനാമി ഫണ്ടിന്റെ കണക്കുകൾ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്നില്ല. ബഡ്ജറ്റിന്റെ കോപ്പി കത്തിച്ച സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമനടപടികളൊന്നും പാലിക്കാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്.

ശ്രീ. എ. പി. അനിൽകുമാർ : ബഡ്ജറ്റിനെ എതിർക്കുന്നു. അധികാരത്തിലേറി പത്ത് മാസം കഴിഞ്ഞിട്ടും രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും അതനുസരിച്ചുള്ള നയസമീപനത്തിന് രൂപംകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. മുതലാളിത്തത്തിന് പ്രാമുഖ്യം കൊടുക്കുന്നതും സാമ്രാജ്യത്വ ശക്തികൾക്ക് കീഴടങ്ങുന്നതുമായ ബഡ്ജറ്റാണിത്. കുടുംബശ്രീ, അരോഗ്യ ഇൻഷ്വറൻസ്, നിരാശ്രയർക്ക് ആശ്വാസമേകുന്ന ആശ്രയ തുടങ്ങിയ പദ്ധതി

കൾ തകർത്തു. എല്ലാ മേഖലയിലെയും പാവപ്പെട്ടവരെ പരിപൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇ.എം.എസ്. പാർപ്പിട പദ്ധതി എന്ന വിപുലമായ ഒരു സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ടെന്നുള്ള പ്രഖ്യാപനമല്ലാതെ അതിനെക്കുറിച്ചുള്ള വിശദവിവരങ്ങളൊന്നും ലഭ്യമല്ല. കാർഷിക മേഖലയിൽ 30,000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് യാതൊന്നും നടപ്പിലാക്കിയിട്ടില്ലെന്ന് മാത്രമല്ല പ്രഖ്യാപിച്ചിട്ടുള്ള 1000 കോടി രൂപയുടെ പദ്ധതി കേന്ദ്ര സഹായത്തോടെയുള്ളതുമാണ്. ആദിവാസികൾക്ക് ഒരു സെന്റ് ഭൂമിപോലും കൊടുക്കാനുള്ള നടപടി ഇതു വരെ സ്വീകരിച്ചിട്ടില്ല. പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 17 ശതമാനം വർദ്ധനവുണ്ടായെങ്കിൽ ഇപ്പോൾ 4 ശതമാനം മാത്രമാണ് വർദ്ധന. ഏതാണ്ട് 500 കോടിയോളം രൂപ ഓരോ വർഷവും മെയിന്റനൻസ് ഇനത്തിൽ ചെലവാക്കുമ്പോൾ 2007-08-ൽ 320 കോടി രൂപ വകയിരുത്തിയിരിക്കുന്നതുതന്നെ വികസനരംഗത്തുണ്ടാകുന്ന മുരടിപ്പിന് തെളിവാണ്. കശുവണ്ടി വ്യവസായികൾ 4 ശതമാനം നികുതിയും അതിന്റെ പലിശയും 30-06-2007-നകം അടച്ചാൽ 4 ശതമാനത്തിന് മുകളിൽ നിർണ്ണയിക്കപ്പെട്ട നികുതിയും പിഴയും അതിന്മേലുള്ള പലിശയും 31-03-2006 വരെയുള്ള കാലയളവിലേയ്ക്ക് ഒഴിവാക്കുന്നതിലൂടെ 25 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കുന്നത്. ഇത് കളവ് നടത്തുന്നവരെ അംഗീകരിച്ച് പാരിതോഷികം നൽകുന്ന സമീപനമാണെന്ന് മാത്രമല്ല കശുവണ്ടി വ്യവസായത്തെത്തന്നെ തകർക്കുന്നതാണ്. സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള വിഹിതം വെട്ടിക്കുറച്ച് വൻകിട വ്യാപാരികളേയും

വ്യവസായികളേയും സഹായിക്കുന്ന ഇത്തരം നിലപാടിൽനിന്ന് ഗവൺമെന്റ് പിൻമാറണം.

(സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.)

* * * * * * * *